


സുഹൈറലി തിരുവിഴാംകുന്ന്

zuhairalik@gmail.com

**ലോകത്തിലെ ഏറ്റവും ബൃഹത്തായ അറബിക് ഡിജിറ്റൽ ലൈബ്രറി സോഫ്റ്റ് വെയറാണ് മക്തബതുശ്ശാമില. ഓൺലൈനിൽ പുതിയ പതിപ്പിലേക്കെത്തുമ്പോൾ അതിലടങ്ങിയ ഗ്രന്ഥങ്ങളുടെ എണ്ണം കാൽ ലക്ഷത്തോളമാണ്.**




# അൽ മക്തബതുശ്ശാമില

ഗൾഫിലായിരുന്നപ്പോൾ ലക്ഷങ്ങൾ ചിലവാക്കി ഒരുപാട് കിതാബുകൾ വാങ്ങിക്കൂട്ടിയിട്ടുണ്ട്. പക്ഷെ ഇപ്പോൾ അതെല്ലാം അനങ്ങാതെ അലമാരയിൽ ഭദ്രമാണ്. വായന നിർത്തിയതു കൊണ്ടല്ല, ഇതിനേക്കാൾ വലിയ ഒരു ലൈബ്രറി ലാപ്ടോപ്പിലുള്ളപ്പോൾ പിന്നെന്തിന് കഷ്ടപ്പെടണം. കേരളത്തിലെ ഒരു പ്രമുഖ ഇസ്‌ലാമിക പണ്ഡിതൻ മക്തബതുശ്ശാമിലയെ കുറിച്ച് പറഞ്ഞതാണിത്. ഒരാൾ ലൈബ്രറി സ്വന്തം ലാപ്ടോപ്പിൽ ഏതു സമയവും ഉപയോഗിക്കാൻ സജ്ജമാക്കിയാൽ പിന്നെന്തിന് ലൈബ്രറികൾ തേടിയലയണം?

ലോകത്തിലെ ഏറ്റവും ബൃഹത്തായ അറബിക് ഡിജിറ്റൽ ലൈബ്രറി സോഫ്റ്റ് വെയറാണ് **മക്തബതുശ്ശാമില**. ഓൺലൈനിൽ അതിന്റെ പുതിയ പതിപ്പിലേക്കെത്തുമ്പോൾ അതിലടങ്ങിയ ഗ്രന്ഥങ്ങളുടെ എണ്ണം കാൽ ലക്ഷത്തോളമാണ്. ഇതാവട്ടെ 30 ജി.ബിയിലധികം വരും. അഖീദ, തഫ്സീർ, ഹദീസ്, ഫിഖ്ഹ്, ചരിത്രം, സാഹിത്യം എന്നിങ്ങനെ 75-ലധികം ഇനങ്ങളിലാണ് ഗ്രന്ഥങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ഓരോന്നിലും നൂറിൽപരം ഗ്രന്ഥങ്ങൾ കാണാം. അവയിൽ പലതും നൂറ് കണക്കിന് പേജുകളുള്ള വാള്യങ്ങളും. തഫ്സീറു റാസി, ത്വബരി, ഇബ്നു കസീർ, ഖുർതുബി, ഫീ ളിലാലിൽ ഖുർആൻ അടക്കം 145 തഫ്സീറുകളും  സിഹാഹുസ്സിത്ത ഉൾപ്പെടെ 175 ഹദീസ് സമാഹാരങ്ങളും 130 ഹദീസ് വ്യാഖ്യാനങ്ങളും ഉണ്ട്. കൂടാതെ ഹനഫീ, മാലികി, ശാഫിഈ, ഹമ്പലി ഫിഖ്ഹി ഗ്രന്ഥങ്ങൾ, ഫത്‌വകൾ, ശൈഖ് അൽബാനി, ഇബ്നുൽ ഖയ്യിം, ഇബ്നുതൈമിയ്യ എന്നിവരുടേതടക്കം വിപുലമായ ഗ്രന്ഥശേഖരമാണ് നിങ്ങളുടെ ലാപ്ടോപ്പിൽ സജ്ജീകരിക്കാനാവുന്നത്.

www.shamela.ws എന്നതാണ് വെബ് വിലാസം. സോഫ്റ്റ്‌വെയറിന്റെ വിശദാംശങ്ങളും ഉള്ളടക്കങ്ങളും അപ്ഡേറ്റുകളും ഇവിടെ ലഭ്യമാണ്. ആൻഡ്രോയ്ഡ് ആപ്ലിക്കേഷനും ഐ പാഡ് വേർഷനും (iShamela) ലഭ്യമാണ്. ഇതിന്റെ സോഫ്റ്റ്‌വെയർ ആവശ്യമുള്ളവർക്ക് മുകളിലുള്ള മെയിൽ ഐ.ഡിയിൽ ബന്ധപ്പെടാം. ഈ ഗ്രന്ഥങ്ങളിലുടനീളം സെർച്ചിങ് സൗകര്യവും ലഭ്യമാണ്. ആവശ്യമായ പുസ്തകങ്ങൾ തെരഞ്ഞെടുത്തും ഏതു വിഷയവും കണ്ടെത്താം. വിജ്ഞാന ശേഖരണത്തിലും അതിന്റെ വ്യാപനത്തിലും അറബികളുടെ പൂർവ്വകാല സംഭാവനകളുടെ തുടർച്ച തന്നെയാണ് അറബിയിൽ ലഭ്യമായിട്ടുള്ള മുഴുവൻ പ്രാമാണിക ഗ്രന്ഥങ്ങളുടെയും ചടുലമായ ഡോക്യുമെന്റേഷൻ. വിജ്ഞാന രംഗത്തെ കുത്തകവൽക്കരണത്തെ ചെറുത്ത് അറിവന്വേഷിക്കുന്നവർക്കായി അത് തുറന്ന് വെക്കാൻ കാണിക്കുന്ന ജാഗ്രതയും ആർജവവും നമുക്ക് മാതൃകയാണ്. ■

Vol. No: 70 Issue No. 42 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla